(ബി) വീട് നശിച്ച 277 പേർക്ക് 8,38,750 രൂപയും, കൃഷി നശിച്ച 1353 പേർക്ക് 10,35,607 രൂപയും അനുവദിച്ചിട്ടുണ്ട്.

കടൽക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

2 [4977] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2002, 2003 എന്നീ വർഷങ്ങളിൽ കടൽക്ഷോഭംമൂലം എത്ര വീടുകൾ തകർന്നു പോയിട്ടുണ്ട്; എത്ര വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു; കൃഷി നാശം സംഭവിച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് എന്ത് സാമ്പത്തിക സഹായമാണ് ഓരോ ഇനത്തിലും നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

	2002	2003
(എ) വീട് പൂർണ്ണമായി തകർന്നത്	70	118
വീട് ഭാഗികമായി തകർന്നത്	1324	354

കടൽക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) നാശനഷ്ടങ്ങളുടെ തോത് കണക്കാക്കി ഭാഗികമായി തകർന്ന വീടുകൾക്ക് പരമാവധി 5000 രൂപയും പൂർണ്ണമായി തകർന്ന വീടുകൾക്ക് 15,000 രൂപയും നൽകിവരുന്നു.

"വെള്ളപ്പൊക്ക നിവാരണത്തിനും അടിയന്തിര ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ"

3 [T4978] ശ്രീ. ടി. പി. രാമകൃഷ്ണൻ:
" മത്തായി ചാക്കോ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെ ഉണ്ടാകുന്ന വെള്ളപ്പൊക്കം ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം വെള്ളപ്പൊക്കം ഉണ്ടായ പ്രദേശങ്ങൾ ഏതൊക്കെയാണെന്നും തൻമൂലം എന്തുമാത്രം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും കണക്കാക്കപ്പെട്ടിട്ടുണ്ടോ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വെള്ളപ്പൊക്ക നിവാരണത്തിനും, അടിയന്തിര ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) പത്താം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതിയിലും ഈ വർഷവും എന്തു തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട്; കേന്ദ്രസഹായമായി എന്തുതുക നേടാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-8-2003 വരെയുള്ള കണക്കനുസരിച്ച് ഈ വർഷം വെള്ളപ്പൊക്കംമൂലം 14 ജില്ലകളിലെ 464 വില്ലേജുകൾക്ക് പലവിധത്തിൽ നാശനഷ്ടങ്ങൾ നേരിട്ടിട്ടുണ്ട്. ആകെ 31 പേർ മരണപ്പെട്ടു. 265 വീടുകൾക്ക് പൂർണ്ണമായും 1965 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം നേരിട്ടു.

(സി) വെള്ളപ്പൊക്കംമൂലം വീടുകൾ നഷ്ടപ്പെട്ടവരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപാർപ്പിക്കുന്നതിനും, അവർക്ക് സൗജന്യമായി ഭക്ഷണം, മരുന്ന് എന്നിവ നൽകുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനായി ആയുർവേദം, അലോപ്പതി, ഹോമിയോ എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരെ ആവശ്യമെന്ന് കണ്ടാൽ നിയോഗിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. ഇതിനുപുറമെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്.

(ഡി) പത്താം പദ്ധതിയുടെ ഭാഗമായല്ല പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി നടപ്പിലാക്കുന്നത്. 11-ാം ധനകാര്യകമ്മീഷന്റെ ശുപാർശ അനുസരിച്ചാണ് ഇപ്പോഴത്തെ (2000-2005) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നത്. അതനുസരിച്ച് 2000-2001 മുതൽ ഇതുവരെ കേന്ദ്രത്തിൽ നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച കേന്ദ്രവിഹിതം താഴെപ്പറയുംപ്രകാരമാണ്. വെള്ളപ്പൊക്കത്തിന് മാത്രമായി ധനസഹായം ലഭിക്കാറില്ല.

തുക ലക്ഷത്തിൽ

2000-2001	..	1734
2001-2002	..	8601 (2000-2001-ൽ ലഭിക്കേണ്ട ബാക്കി തുക ഉൾപ്പെടെ)
2002-2003	..	5560
2003-2004 (ഇതുവരെ)	..	2919

കാലവർഷത്തിൽ ജീവഹാനി നേരിട്ടവർ

4 [T4979] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കാലവർഷത്തിൽ നാളിതുവരെയായി കാസർഗോഡ് ജില്ലയിൽ ജീവഹാനി നേരിട്ടവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ കുടുംബത്തിന് അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ടോ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly